# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 280

01.12.2014-ൽ മറുപടിയ്ക്ക്

## സ്വകാര്യ ധനകാര്യ സ്ഥാപനങ്ങളുടെ ചൂഷണം

**ചോദ്യം**

ശ്രീ.പി.തിലോത്തമൻ

**ഉത്തരം**

ശ്രീ.രമേശ് ചെന്നിത്തല
(ആഭ്യന്തരവും, വിജിലൻസും വകുപ്പ് മന്ത്രി)

(എ) അമിത പലിശ ഈടാക്കുന്ന സ്വകാര്യ ധനകാര്യ സ്ഥാപനങ്ങളുടെ അക്രമങ്ങൾ തടയുന്നതിനും സാധാരണക്കാരായ ജനങ്ങളെ സംരക്ഷിക്കുന്നതിനും ഈ സർക്കാർ കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(എ) അനധികൃതമായി അമിത പലിശയ്ക്ക് പണം കടം കൊടുത്തുകൊണ്ട് ഗുണ്ടായിസത്തിലൂടെയും മറ്റും സമ്മർദ്ദം ചെലുത്തി വസ്തു വകകളും, മുദ്രപ്പത്രങ്ങളും, ബ്ലാങ്ക് ചെക്കുകളും ഒപ്പിട്ടു വാങ്ങുകയും അത്തരം മാർഗ്ഗങ്ങളിലൂടെ സ്വത്തു വകകളും മറ്റും കൈവശപ്പെടുത്താൻ ശ്രമിക്കുന്നവർക്കെതിരെ 'ഓപ്പറേഷൻ കുബേര' എന്ന പേരിൽ തുടരെത്തുടരെയുള്ള റെയ്ഡുകൾ സംസ്ഥാനമൊട്ടാകെ നടത്തുകയും, കുറ്റക്കാരായി കാണുന്നവർക്കെതിരെ കർശനമായ നിയമ നടപടികൾ സ്വീകരിച്ചും വരുന്നു. ബ്ലേഡ് മാഫിയയ്ക്കെതിരായി നടന്നുവരുന്ന ഓപ്പറേഷൻ കുബേരയുമായി ബന്ധപ്പെട്ട് ജില്ലാ ക്രൈം ഡിറ്റാച്ച്മെന്റ് ഡി.വൈ.എസ്.പി.മാരെ ജില്ലാ നോഡൽ ഓഫീസർമാരായി നിയമിച്ചിട്ടുണ്ട്. ബ്ലേഡ് മാഫിയയ്ക്കെതിരായ ജനങ്ങളുടെ പരാതിയിന്മേൽ ഉചിതമായ നടപടി സ്വീകരിയ്ക്കുന്നതിനായി ജില്ലാ നോഡൽ ഓഫീസർമാരെ ചുമതലപ്പെടുത്തിയിരിക്കുന്നു. ജില്ലാ പോലീസ് മേധാവികളെയും, നോഡൽ ഓഫീസർമാരേയും ബന്ധപ്പെടേണ്ട നമ്പരും, ഇ-മെയിൽ ഐഡിയും മാധ്യമങ്ങൾ വഴി പരസ്യപ്പെടുത്തണമെന്ന നിർദ്ദേശവും നൽകിയിട്ടുണ്ട്. ഇതിനു പുറമേ ആഴ്ചയിൽ ഒരു ദിവസത്തിന്റെ പകുതി പൊതുജനങ്ങളുടെ പരാതി സ്വീകരിക്കുന്നതിനായി മാറ്റിവയ്ക്കണമെന്നുള്ള നിർദ്ദേശവും ജില്ലാ പോലീസ് മേധാവികൾക്ക് നൽകിയിട്ടുണ്ട്.

→

(ബി) റിസർവ് ബാങ്ക് നിർദ്ദേശിക്കുന്ന പലിശനിരക്കിനേക്കാൾ കൂടുതൽ പലിശ ഈടാക്കി ജനങ്ങളെ ദ്രോഹിക്കുന്ന സ്വകാര്യ ധനകാര്യ സ്ഥാപനങ്ങൾക്കെതിരെ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; ഈ ഇനത്തിൽ എത്ര കേസുകൾ രജിസ്റ്റർ ചെയ്തു; കേസുകളുടെ പുരോഗതി എന്തായി; വിശദമാക്കുമോ;

(ബി) ഓപ്പറേഷൻ കുബേര പദ്ധതിലൂടെ റിസർവ്വ് ബാങ്ക് നിർദ്ദേശിക്കുന്ന പലിശ നിരക്കിനേക്കാൾ കൂടുതൽ പലിശ ഈടാക്കി ജനങ്ങളെ ദ്രോഹിക്കുന്ന സ്വകാര്യ ധനകാര്യ സ്ഥാപനങ്ങൾക്കെതിരെ 109 കേസുകൾ രജിസ്റ്റർ ചെയ്ത് തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. പ്രസ്തുത കേസുകളെല്ലാം തന്നെ ഊർജ്ജിതമായി അന്വേഷിച്ചിട്ടുള്ളതും 39 കേസുകളുടെ അന്വേഷണം പൂർത്തിയാക്കി കോടതിയിൽ കുറ്റപത്രം സമർപ്പിച്ചിട്ടുള്ളതും, 67 കേസുകളിൽ അന്വേഷണം നടന്നു വരികയുമാണ്. 3 കേസുകളിൽ റഫർ ചാർജ്ജ് നൽകിയിട്ടുണ്ട്.

(സി) സ്വകാര്യ ധനകാര്യ സ്ഥാപനങ്ങളുടെ ചൂഷണങ്ങളിൽ നിന്നും അക്രമങ്ങളിൽ നിന്നും സാധാരണക്കാരെ രക്ഷിക്കുവാൻ നടപ്പിലാക്കിയ ഓപ്പറേഷൻ കുബേരയിലൂടെ എത്ര പേരെ അറസ്റ്റ് ചെയ്തു; സാധാരണക്കാരുടെ സാമ്പത്തിക ആവശ്യങ്ങൾ നിറവേറ്റുന്നതിന് സർക്കാർ കൈക്കൊണ്ട ബദൽ നടപടികൾ എന്തെല്ലാമാണ്; വ്യക്തമാക്കുമോ?

(സി) സ്വകാര്യ ധനകാര്യ സ്ഥാപനങ്ങളുടെ ചൂഷണങ്ങളിൽ നിന്നും സാധാരണക്കാരെ രക്ഷിക്കുവാൻ നടപ്പിലാക്കിയ ഓപ്പറേഷൻ കുബേരയിലൂടെ 2047 പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. സാധാരണക്കാരുടെ സാമ്പത്തിക ആവശ്യങ്ങൾ ബാങ്ക് മുഖേനയോ, സഹകരണ സ്ഥാപനങ്ങൾ മുഖേനയോ, അംഗീകൃത ധനകാര്യ സ്ഥാപനങ്ങൾ മുഖേനയോ നടത്തണമെന്നും പൊതുജനങ്ങളെ ബോധവൽക്കരിച്ചു വരികയാണ്. എന്നാൽ അനധികൃത പണമിടപാട് സ്ഥാപനങ്ങളുമായോ, അമിത പലിശക്കാരുമായോ ഇടപാടുകൾ നടത്തരുതെന്നും പൊതുജനങ്ങൾക്ക് ആവശ്യമായ നിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ